©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2020 ഡിസംബർ 09<br>09th December 2020<br>1196 വൃശ്ചികം 24<br>24th Vrischikam 1196<br>1942 അഗ്രഹായനം 18<br>18th Agrahayana 1942 | നമ്പർ<br>No. | **2950** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (പി) നമ്പർ 62/2020/തസ്വഭവ. *തിരുവനന്തപുരം, 2020 ഒക്ടോബർ 30*
**എസ്. ആർ. ഒ. നമ്പർ 857/2020** *1196 തുലാം 14.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 447, 448, 449, 450, 565 എന്നീ വകുപ്പുകളും 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റിലെ (2018-ലെ 14) 7-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 2011 ജനുവരി 25-ാം തീയതിയിലെ സ.ഉ. (അച്ചടി) 24/2011/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2011 ഫെബ്രുവരി 1-ാം തീയതിയിലെ 227-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 84/2011 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2020-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ എന്ന് പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.—2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ,—

(1) ദീർഘശീർഷകത്തിൽ, “(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)” എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ)” എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(2) 1-ാം ചട്ടത്തിൽ, (1)-ാം ഉപചട്ടത്തിൽ, “(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)” എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ)” എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(3) 3-ാം ചട്ടത്തിന്റെ ശീർഷകത്തിനും, (1)-ാം ഉപചട്ടത്തിനും പകരം താഴെ പറയുന്ന ശീർഷകവും ഉപചട്ടവും ചേർക്കേണ്ടതാണ്, അതായത്:—

“**വ്യവസായങ്ങളുടെയും വ്യാപാരങ്ങളുടെയും പ്രവൃത്തികളുടെയും ഫാക്ടറികളുടെയും വിവരണം.**—(1) I-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ വ്യവസായങ്ങളിലും ഫാക്ടറികളിലും ഉൾപ്പെടുന്നവയും II-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ വ്യാപാരങ്ങളിലും സംരംഭക പ്രവർത്തനങ്ങളിലും ഉൾപ്പെടുന്നവയുമാകുന്നു.”;

(4) 3-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ "I, II പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ പ്രവർത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും വാക്കുകൾക്കും പകരം "I, II പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യവസായത്തിനോ ഫാക്ടറിക്കോ വ്യാപാരത്തിനോ, സംരംഭക പ്രവർത്തനത്തിനോ മറ്റ് സേവനങ്ങൾക്കോ വേണ്ടി" എന്ന അക്കങ്ങളും ചിഹ്നവും വാക്കുകളും ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) 4-ാം ചട്ടത്തിലെ മാർജിനൽ ശീർഷകത്തിനും (1)-ാം ഉപചട്ടത്തിനും പകരം താഴെ പറയുന്ന മാർജിനൽ ശീർഷകവും ഉപചട്ടവും ചേർക്കേണ്ടതാണ്, അതായത്:—

"വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും സംബന്ധിച്ച പരസ്യം പ്രസിദ്ധപ്പെടുത്തൽ.—(1) കൗൺസിലിന്, അതിന്റെ ഭൂപ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും I-ാം പട്ടികയിലോ II-ാം പട്ടികയിലോ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗ പ്പെടുത്തുവാൻ പാടില്ലെന്ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു ഔദ്യോഗിക വിജ്ഞാപനം മുഖേനയും മുനിസിപ്പാലിറ്റിയുടെ ആഫീസിലെ നോട്ടീസ് ബോർഡിലും മുനിസിപ്പൽ പ്രദേശത്തെ പ്രധാന പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്യാവുന്നതാണ്".

(6) 5-ാം ചട്ടത്തിൽ,—

(1)-ാം ഉപചട്ടത്തിൽ,—

(i) "I-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒരു ആവശ്യത്തിന് അല്ലെങ്കിൽ II-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒരു സാധാരണ വ്യാപാരത്തിന്" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം "I-ാം പട്ടികയിലോ II-ാം പട്ടികയിലോ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക്" എന്ന അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(i) "ഫാറം - I-ൽ സെക്രട്ടറിക്ക്" എന്ന വാക്കുകൾക്കു പകരം "ഫാറം-I-ൽ സെക്രട്ടറിക്കോ, അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടത്തിനു ശേഷം, താഴെ പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(1എ) മേൽ ചട്ടപ്രകാരമുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്നതിന്മേൽ, സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകന് കൈപ്പറ്റ് രസീത് നൽകേണ്ടതും, അപ്രകാരം അപേക്ഷ ലഭിച്ചാൽ ഉടൻ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും, ആവശ്യമായ ഏതെങ്കിലും അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലെന്ന് കാണുന്ന പക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, ഉടൻതന്നെ സമർപ്പിക്കുവാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഉടൻ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, സമർപ്പിക്കാൻ വിട്ടുപോയ രേഖകൾ, എത്രയുംവേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്;

(1ബി) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എല്ലാ അനുബന്ധ രേഖകളും മറ്റ് വകുപ്പുകളിൽ നിന്നോ അധികാര സ്ഥാനങ്ങളിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിന്നോ ഉള്ള ക്ലിയറൻസുകൾ ലഭിക്കുന്ന തീയതി മുതൽ അഞ്ചു ദിവസത്തിനകം, ഉത്തരവുവഴി തനിക്ക് യുക്തമെന്നു തോന്നുന്ന അപ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, വ്യവസായങ്ങളോ ഫാക്ടറികളോ സംരംഭക പ്രവർത്തനങ്ങളോ മറ്റ് സേവനങ്ങളോ നടത്തുന്നതിനായി സ്ഥലം ഉപയോഗിക്കാൻ ലൈസൻസ് നൽകേണ്ടതാണ്."

(7) 6-ാം ചട്ടത്തിൽ,—

(എ) (1)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(1) വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും വ്യാപാരങ്ങളുടെയും സംരംഭക പ്രവർത്തനങ്ങളുടെയും മറ്റ് സേവനങ്ങളുടെയും കാര്യത്തിൽ 5-ാം ചട്ടം (1)-ാം ഉപചട്ട പ്രകാരമുള്ള അപേക്ഷ സെക്രട്ടറി തീർപ്പാക്കേണ്ടതാണ്.

(ബി) (2)-ാം ഉപചട്ടത്തിൽ "കൗൺസിലിന് അഥവാ സെക്രട്ടറിക്ക്" എന്ന വാക്കുകൾക്കു പകരം "സെക്രട്ടറിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപചട്ടത്തിനു പകരം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(4) അപേക്ഷകൾ ലഭിച്ച് മുപ്പതു ദിവസത്തിനകം സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയത് തീർപ്പാക്കേണ്ടതാണ്.";

(8) 7-ാം ചട്ടത്തിനു പകരം, താഴെ പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"7. ലൈസൻസിനുള്ള ഫീസ്.—വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര ങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും III-ാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്.";

(9) 12-ാം ചട്ടത്തിലെ (7)-ാം ഉപചട്ടത്തിനു ശേഷം താഴെ പറയുന്ന ഉപചട്ടങ്ങളും ക്ലിപ്ത നിബന്ധനകളും ചേർക്കേണ്ടതാണ്, അതായത്:—

"(7 എ) മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൻമേൽ, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും എല്ലാ അനുബന്ധ രേഖകളും സ്ഥലത്തു വെച്ചുതന്നെ പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം ആവശ്യമായ ഏതെങ്കിലും രേഖകൾ സമർപ്പിച്ചിട്ടില്ലാത്തപക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകൻ സമർപ്പിക്കുവാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ, ആയത് സംബന്ധിച്ച വിശദാംശങ്ങൾ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും സമർപ്പിച്ചിട്ടില്ലാത്തരേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്;

(7ബി) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷ ലഭിച്ചതിനു ശേഷം, കഴിയുന്നതും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ, ജോലി സ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കൽ പരിസരത്തെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജനസാന്ദ്രത മൂലം ശല്യമോ മലിനീകരണമോ ഉണ്ടാക്കാമെന്ന കാരണത്താൽ ആക്ഷേപമുണ്ടെങ്കിൽ, അത് കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ അപേക്ഷയും, സെക്രട്ടറിയുടേയും മറ്റ് അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ചതിനു ശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും, അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ്.

(7 സി) മേൽ പറഞ്ഞ പ്രകാരം, അനുവാദത്തിനു വേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം, സെക്രട്ടറി അതിന്മേലുള്ള ഏതൊരു ഉത്തരവും അപേക്ഷകനെ അറിയിക്കാതിരിക്കുന്ന പക്ഷം, ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടാവുന്നതാണ്;

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ, സെക്രട്ടറിക്ക്, കൗൺസിലിന്റെ അംഗീകാരത്തോടെ, അപേക്ഷകന്, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ സമർപ്പിച്ച മറുപടി, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിശോധിച്ചതിനു ശേഷവും, ലൈസൻസ് റദ്ദാക്കാവുന്നതാണ്:

എന്നുമാത്രമല്ല, അപ്രകാരം റദ്ദാക്കുന്നതിന്മേൽ, സെക്രട്ടറിക്ക്, അപേക്ഷകനു മേൽ, അഞ്ചു ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക പിഴയായി ചുമത്താവുന്നതുമാണ്."

(10) 14-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ "3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം "III-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള നിരക്കിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(11) 22-ാം ചട്ടത്തിൽ, "ലൈസൻസ് അനുവദിച്ച സെക്രട്ടറിക്കോ അല്ലെങ്കിൽ കൗൺസിലിനോ ബോദ്ധ്യം വരികയാണെങ്കിലോ" എന്ന വാക്കുകൾക്കു പകരം "സെക്രട്ടറിക്ക് ബോദ്ധ്യം വരികയാണെങ്കിൽ" എന്ന വാക്കുകളും "സെക്രട്ടറിക്ക് അഥവാ കൗൺസിലിന്" എന്ന വാക്കുകൾക്ക് പകരം, "സെക്രട്ടറിക്ക്, കൗൺസിലിന്റെ അംഗീകാരത്തോടെ" എന്ന വാക്കുകളും ചിഹ്നവും യഥാക്രമം ചേർക്കേണ്ടതാണ്.

(12) പട്ടികകളിൽ, നിലവിലെ പട്ടിക I, പട്ടിക II, പട്ടിക III എന്നിവയ്ക്ക് പകരം ചുവടെ ചേർത്തിരിക്കുന്ന പട്ടിക I, പട്ടിക II, പട്ടിക III എന്നിവ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക I

## വ്യവസായങ്ങളും ഫാക്ടറികളും

| *ക്രമ നമ്പർ* | *ഇനവിവരം* | |
|---|---|---|
| 1 | **ലോഹസംസ്കരണം**<br>ഇരുമ്പടങ്ങിയ ലോഹങ്ങൾ (Ferrous) | |
| | (1) | ഇരുമ്പും ഉരുക്കും |
| | (2) | ഫെറോ അലോയ്സ് |
| | (3) | ഇരുമ്പും ഉരുക്കും മൂശയിൽ വാർക്കുന്നത് |
| | (4) | ഇരുമ്പ് ഉരുക്ക് നിർമ്മിതികൾ |
| | (5) | ഇരുമ്പ് ഉരുക്ക് പൈപ്പുകൾ |
| | (6) | പ്രത്യേകതരം ഉരുക്ക് |
| | (7) | ഇരുമ്പിന്റെയും ഉരുക്കിന്റെയും മറ്റ് ഉൽപ്പന്നങ്ങൾ |
| 2 | ഇരുമ്പടങ്ങാത്ത ലോഹങ്ങൾ (Non ferrous) | |
| | (1) | സ്വർണ്ണം, വെള്ളി തുടങ്ങിയ അമൂല്യ ലോഹങ്ങളും അവയുടെ ലോഹസങ്കരങ്ങളും |
| | (2) | ഇരുമ്പടങ്ങാത്ത മറ്റ് ലോഹങ്ങളും അവയുടെ ലോഹസങ്കരങ്ങളും |
| 3 | ഇന്ധനങ്ങൾ (Fuels) | |
| | (1) | കൽക്കരി, ലിഗ്നേറ്റ്, കോക്കും അവയുടെ ഡെറിവേറ്റീവുകളും (Derivatives) |
| | (2) | ക്രൂഡ് ഓയിൽ, വിമാന ഇന്ധനം, ഡീസൽ, മണ്ണെണ്ണ, ഫ്യൂവൽ ഓയിൽ, വിഭിന്നമായ ഹൈഡ്രോ കാർബൺ എണ്ണകൾ അവയുടെ മിശ്രിതങ്ങൾ |
| 4 | ആവിശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലാന്റുകൾ (Boilers & Steam Generating Plants) | |
| 5 | ചലനശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്നവ (ഇലക്ട്രിക്കൽ ജനറേറ്റുകൾ അല്ലാതെയുള്ളത്) (Prime movers other than electrical generators) | |
| | (1) | ആവി എഞ്ചിനുകളും ടർബൈനുകളും |
| | (2) | ആന്തരിക ജ്വലനത്താൽ പ്രവർത്തിക്കുന്ന എഞ്ചിനുകൾ |
| 6 | വൈദ്യുത ഉപകരണങ്ങൾ | |
| | (1) | വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും, പ്രസരണം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ടിയുള്ള ട്രാൻസ്ഫോർമറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ |
| | (2) | വൈദ്യുത മോട്ടോറുകൾ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| | (3) | വൈദ്യുത ഫാനുകൾ, വൈദ്യുത വിളക്കുകൾ, വൈദ്യുത അടുപ്പുകൾ |
| | (4) | വൈദ്യുത കേബിളുകളും വയറുകളും |
| | (5) | എക്സ്റേ ഉപകരണങ്ങൾ |
| | (6) | ഇലക്ട്രോണിക് ഉപകരണങ്ങൾ |
| | (7) | വീട്ടാവശ്യത്തിനുപയോഗിക്കുന്ന വൈദ്യുത ഇസ്തിരിപ്പെട്ടികളും വെള്ളം തിളപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും |
| | (8) | സ്റ്റോറേജ് ബാറ്ററികൾ |
| | (9) | ഡ്രൈസെല്ലുകൾ |
| 7 | ടെലികമ്മ്യൂണിക്കേഷൻ | |
| | (1) | ടെലിഫോണുകൾ |
| | (2) | ടെലഗ്രാഫ് ഉപകരണങ്ങൾ |
| | (3) | വയർലെസ്സ് ആശയ വിനിമയ ഉപകരണങ്ങൾ |
| | (4) | ആംപ്ലിഫയറുകൾ, പൊതു സമ്മേളനത്തിനുപയോഗിക്കുന്നവ ഉൾപ്പെടെയുള്ള റേഡിയോ റിസീവറുകൾ |
| | (5) | ടെലിവിഷൻ സെറ്റുകൾ |
| | (6) | ടെലിപ്രിന്ററുകൾ |
| 8 | ഗതാഗതം | |
| | (1) | വിമാനങ്ങൾ |
| | (2) | ഏതെങ്കിലും ബലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കപ്പലുകളും മറ്റ് യാനങ്ങളും |
| | (3) | റെയിൽവെ ലോക്കോ മോട്ടീവുകൾ |
| | (4) | റെയിൽവെ റോളിംഗ് സ്റ്റോക്ക് |
| | (5) | ഓട്ടോമൊബൈലുകൾ (മോട്ടോർ കാറുകൾ, ബസ്സുകൾ, ട്രക്കുകൾ, മോട്ടോർ സൈക്കിളുകൾ, സ്കൂട്ടറുകൾ അതുപോലെയുള്ളവ) |
| | (6) | സൈക്കിളുകൾ |
| | (7) | ലിഫ്റ്റ് ട്രക്കുകൾ പോലെയുള്ള മറ്റുള്ള വാഹനങ്ങൾ |
| 9 | വ്യവസായങ്ങൾക്കുള്ള യന്ത്രോപകരണങ്ങൾ | |
| | (1) | തുണി വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (2) | ചണ വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (3) | റയോൺ വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (4) | പഞ്ചസാര വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (5) | തേയില വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| | (6) | ഖനനത്തിന് ഉപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (7) | ലോഹ സംസ്കരണത്തിന് ഉപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (8) | സിമന്റ് വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (9) | രാസവസ്തു വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (10) | ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| | (11) | പേപ്പർ വ്യവസായത്തിനുപയോഗിക്കുന്ന യന്ത്രോപകരണങ്ങൾ |
| 10 | വിവിധ വ്യവസായങ്ങൾക്കുപയോഗിക്കുന്ന പൊതുവായ യന്ത്രോപകരണങ്ങൾ | |
| | (1) | സൈസ് ചെറുതാക്കൽ ഉപകരണങ്ങൾ—ക്രഷറുകൾ, ബാൾ മിൽസ് പോലെയുള്ളവ |
| | (2) | കൺവെയിംഗ് ഉപകരണങ്ങൾ—ബക്കറ്റ് എലിവേറ്ററുകൾ, സ്കിപ്പ് ഹോയിസ്റ്റുകൾ, ക്രെയിനുകൾ, ഡെറിക്കുകൾ (Derricks) മുതലായവ |
| | (3) | സൈസ് വേർപെടുത്തൽ ഉപകരണങ്ങൾ—സ്ക്രീനുകൾ, ക്ലാസി ഫയറുകൾ മുതലായവ |
| | (4) | മിക്സറുകളും, റിയാക്ടറുകളും—കുഴയ്ക്കുവാനുള്ള യന്ത്രോ പകരണങ്ങൾ, ടർബോ മിക്സറുകൾ മുതലായവ |
| | (5) | അരിക്കുവാനുള്ള യന്ത്രോപകരണങ്ങൾ—ഫിൽട്ടർ പ്രസ്സറുകൾ, റോട്ടറി ഫിൽട്ടറുകൾ മുതലായവ |
| | (6) | സെൻട്രിഫ്യൂഗൽ ഉപകരണങ്ങൾ |
| | (7) | ബാഷ്പീകരണ സാമഗ്രികൾ |
| | (8) | ഡിസ്റ്റിലേഷൻ ഉപകരണങ്ങൾ |
| | (9) | ക്രിസ്റ്റലൈസറുകൾ |
| | (10) | ഡ്രയറുകൾ |
| | (11) | ശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പമ്പുകൾ (Power Driven Pumps)—സെൻട്രിഫ്യൂഗൽ, റെസിപ്രൊക്കേറ്റിംഗ് മുതലായവ |
| | (12) | വായു-വാതക കംപ്രസറുകളും വാക്വം പൈപ്പുകളും (ഇലക്ട്രിക്കൽ ഫർണസുകൾ ഒഴികെ) |
| | (13) | വ്യാവസായികാവശ്യത്തിനുള്ള റഫ്രിജറേഷൻ പ്ലാന്റുകൾ |
| | (14) | അഗ്നിശമന ഉപകരണങ്ങൾ—ഫയർ എഞ്ചിൻ ഉൾപ്പെടെ |
| 11 | മറ്റ് വ്യാവസായിക യന്ത്രോപകരണങ്ങൾ | |
| | (1) | ബാളുകൾ, റോളറുകൾ, tapered bearings |
| | (2) | ഗ്രൈന്റിംഗ് വീലുകൾ |
| 12 | മെഷീൻ ടൂളുകൾ | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 13 | കാർഷികാവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ | |
| | (1) | ട്രാക്ടറുകൾ, കൊയ്ത്തുപകരണങ്ങൾ മുതലായവ |
| | (2) | കാർഷിക പണിയായുധങ്ങൾ |
| 14 | എർത്ത് മൂവിംഗ് മെഷീനറികൾ<br>ബുൾഡോസറുകൾ, ഡംബറുകൾ, സ്ക്രാപ്പറുകൾ, ബക്കറ്റ് വീൽ എസ്കവേറ്ററുകൾ, യന്ത്രക്കരണ്ടികൾ, റോഡ് റോളറുകൾ മുതലായവ | |
| 15 | മെഡിക്കൽ—സർജ്ജിക്കൽ ഉപകരണങ്ങൾ | |
| 16 | വ്യാവസായിക ഉപകരണങ്ങൾ | |
| 17 | ശാസ്ത്ര ഉപയോഗത്തിനുള്ള ഉപകരണങ്ങൾ | |
| 18 | കണക്കെടുപ്പുകൾക്കും, സർവ്വേകൾക്കും, വരയ്ക്കാനുമുള്ള ഉപകരണങ്ങൾ | |
| 19 | വളങ്ങൾ | |
| 20 | രാസവസ്തുക്കൾ (വളങ്ങളൊഴികെയുള്ളത്) | |
| 21 | ഫോട്ടോഗ്രാഫിക്കുള്ള അസംസ്കൃത ഫിലിമും പേപ്പറും | |
| 22 | നിറം കൊടുക്കുവാനുള്ള സാമഗ്രികൾ | |
| 23 | മരുന്നുകളും ഫാർമസ്യൂട്ടിക്കലുകളും | |
| 24 | ടെക്സ്റ്റൈലുകൾ (ഡൈ ചെയ്തതോ, പ്രിന്റു ചെയ്തതോ, മറ്റ് രീതിയിൽ പ്രോസസ് ചെയ്യുന്നതോ ആയവ) | |
| 25 | പേപ്പറും പൾപ്പും—പേപ്പർ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ | |
| 26 | പഞ്ചസാര | |
| 27 | പുളിപ്പിക്കൽ വ്യവസായങ്ങൾ (Fermentation industries) | |
| 28 | ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ | |
| 29 | സസ്യ എണ്ണകളും വനസ്പതിയും | |
| 30 | സൗന്ദര്യ വർദ്ധകങ്ങളും, സോപ്പുകളും മറ്റ് Toilet ഉൽപ്പന്നങ്ങളും | |
| 31 | റബ്ബർ ഉൽപ്പന്നങ്ങൾ | |
| 32 | തുകലും തുകൽ ഉൽപ്പന്നങ്ങളും | |
| 33 | പശയും ജലാറ്റിനും | |
| 34 | ഗ്ലാസുൽപ്പന്നങ്ങൾ | |
| 35 | സെറാമിക് ഉൽപ്പന്നങ്ങൾ | |
| 36 | സിമന്റ്—ജിപ്സം ഉൽപ്പന്നങ്ങൾ | |
| 37 | തടിയുൽപ്പന്നങ്ങൾ | |
| 38 | പ്രതിരോധ വ്യവസായങ്ങൾ | |
| 39 | പലവക വ്യവസായങ്ങൾ—സിഗരറ്റുകൾ, ലിനോളിയം, സിപ്പ് (zip) ഫാസറ്റനറുകൾ, എണ്ണ സ്റ്റൗവുകൾ മുതലായവ | |
| 40 | ഖാദി—വില്ലേജ് വ്യവസായങ്ങൾക്ക് കീഴിൽ വരുന്ന കുടിൽ വ്യവസായങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം വ്യവസായങ്ങളും | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക II

## വ്യാപാരങ്ങളും, സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും

| *ക്രമ നമ്പർ* | *ഇനവിവരം* |
|---|---|
| 1 | എയ്റേറ്റഡ് വാട്ടർ നിർമ്മിക്കുക—ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് അമർത്തി കെട്ടുക, സംഭരിക്കുക—വിൽപ്പന നടത്തുക |
| 2 | കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുയോ, സംഭരിക്കുയോ, വിൽക്കുകയോ ചെയ്യുക |
| 3 | കൈത നാരും നൂലും—ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ, തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യൽ |
| 4 | അലുമിനിയം—നിർമ്മിക്കുകയോ, സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക |
| 5 | വെടിക്കോപ്പ്—സംഭരിക്കുകയോ പ്രോസസ് ചെയ്യുകയോ വൃത്തി യാക്കുകയോ, തയ്യാറാക്കുകയോ, നിർമ്മിക്കുകയോ ചെയ്യുക |
| 6 | അടയ്ക്ക—വിൽപ്പനയ്ക്കായി ശേഖരിക്കുകയോ തയ്യാറാക്കുകയോ ചെയ്യൽ |
| 7 | ചാരം ഏതെങ്കിലും പ്രക്രിയ ഉപയോഗിച്ച് സംഭരിക്കുകയോ, പായ്ക്കു ചെയ്യുകയോ തയ്യാറാക്കുകയോ  കൂട്ടിയിടുകയോ ചെയ്യുക |
| 8 | ഓട്ടോ മൊബൈൽ ബോഡി നിർമ്മാണം |
| 9 | ഓട്ടോ മൊബൈൽ ഓയിലും ലൂബ്രിക്കന്റുകളും കൂട്ടിക്കലർത്തുകയോ, സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക |
| 10 | ഓട്ടോ മൊബൈൽ സ്പെയർപാർട്സ്—നിർമ്മിക്കുകയോ, സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 11 | ഓട്ടോ മൊബൈൽ ടയറും ട്യൂബും—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 12 | ബാറ്ററി—സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 13 | ബാറ്ററി ചാർജ്ജിംഗ്, റിപ്പയറിംഗ് മാത്രം, ബാറ്ററി വെള്ളം നിർമ്മാണം സംഭരണം |
| 14 | ബഡിംഗ് നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 15 | ബിസ്ക്കറ്റ്, ബ്രഡ്, കേക്ക്—ചുട്ടെടുക്കുകയോ തയ്യാറാക്കുകയോ സൂക്ഷിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 16 | രക്തം—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുദ്ധീകരിക്കുകയോ തയ്യാറാക്കുകയോ ചെയ്യൽ |
| 17 | എല്ലുകൾ—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധീകരിക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 18 | റൊട്ടി, ചപ്പാത്തി ചുട്ടെടുക്കുകയോ, നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 19 | ഇഷ്ടിക—നിർമ്മിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 20 | ബ്രീഫ് കേസുകൾ—നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുക (ബാഗുകൾ ഉൾപ്പെടെ) |
| 21 | പഴയ ഇരുമ്പ്, ഇരുമ്പ് സാധനങ്ങൾ കുപ്പിച്ചില്ലുകൾ ഇവ ശേഖരിക്കുക |
| 22 | കെട്ടിട സാമഗ്രികൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക (മാർബിൾ, ഗ്രാനൈറ്റ്, മൊസൈക്ക്, സെറാമിക്, ടൈൽസ്, ഇഷ്ടിക, മൺതറയോട് എന്നിവ ഒഴികെ) |
| 23 | കശാപ്പ് |
| 24 | കർപ്പൂരം—സംഭരിക്കുകയോ, പായ്ക്കു ചെയ്യുകയോ, ശുചീകരിക്കുകയോ, തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 25 | മെഴുകുതിരി—പായ്ക്കു ചെയ്യുകയോ പ്രസ്സു ചെയ്യുകയോ, വൃത്തിയാ ക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 26 | പരവതാനി—നിർമ്മിക്കുകയോ വിൽപ്പനയ്ക്കായി സംഭരിക്കുകയോ ചെയ്യുക |
| 27 | കശുവണ്ടിയും കശുവണ്ടിപ്പരിപ്പും—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 28 | കന്നുകാലിത്തീറ്റ/കോഴിത്തീറ്റ—നിർമ്മിക്കുകയോ കൂട്ടിക്കലർത്തുകയോ പായ്ക്കു ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 29 | കേറ്റ്—ഗട്ട് സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 30 | സിമന്റ് നിർമ്മിക്കുകയോ പായ്ക്കു ചെയ്യുകയോ സംഭരിക്കുകയോ ചെയ്യുക |
| 31 | കരി—കൂട്ടിയിടുകയോ വേർതിരിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 32 | രാസപദാർത്ഥങ്ങൾ—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ വൃത്തി യാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 33 | വാർണീഷ് ടർപന്റയിൻ—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ പ്രസ്സു ചെയ്യുകയോ തയ്യാറാക്കുകയോ വൃത്തിയാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 34 | മുളക്, മല്ലി, മഞ്ഞൾ—യന്ത്രമുപയോഗിച്ച് പൊടിക്കുക |
| 35 | ക്ലോറേറ്റ് മിശ്രിതം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 36 | അംഗാരം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 37 | തുണി—ചായം മുക്കുകയോ, സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 38 | കൽക്കരി—ലിഗ്നൈറ്റ്—ഒന്നിച്ച് കൂട്ടിയിടുകയോ വേർതിരിക്കുകയോ വിൽക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 39 | തൊണ്ടും പനയോലയും കുതിർക്കുക |
| 40 | കാപ്പി—സംസ്കരിക്കുകയോ പൊടിക്കുകയോ പായ്ക്കു ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 41 | ചകിരി നാര്, കയർ, കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 42 | കത്തുന്ന സാധനങ്ങൾ സംഭരിക്കുക, വിൽക്കുകയോ ചെയ്യുക |
| 43 | കറികൂട്ടു സാധനങ്ങൾ—നിർമ്മിക്കുക |
| 44 | മിഠായി—ചുട്ടെടുക്കുകയോ തയ്യാറാക്കുകയോ സൂക്ഷിക്കുകയോ സംഭരിയ്ക്കുകയോ ചെയ്യുക |
| 45 | ഭക്ഷ്യ വസ്തുക്കൾ—ചുട്ടെടുക്കുകയോ തയ്യാറാക്കുകയോ സൂക്ഷിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 46 | കൊപ്ര—തയ്യാറാക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 47 | പരുത്തി, പഞ്ഞിച്ചവറ്, പരുത്തിക്കുരു സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 48 | ചാണക വരളി സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 49 | മൺപാത്രങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക (ക്രമ നമ്പർ 133 കാണുക) |
| 50 | കട്ലറി (കത്തി, മുള്ള്, സ്പൂൺ)—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 51 | സൈക്കിൾ—സംഭരിക്കുകയോ വിൽക്കുകയോ സജ്ജീകരിക്കുകയോ ചെയ്യുക, റിപ്പയറിങ് നടത്തുക |
| 52 | ചായങ്ങൾ—പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 53 | വൈദ്യുതി ഉപകരണങ്ങൾ (റഫ്രിജറേറ്റർ ഒഴികെ) വൈദ്യുതീകരിക്കുന്ന തിനുള്ള ഇലക്ട്രിക് സാധനങ്ങൾ, ഫാൻ, അയൺ, വാഷിങ് മെഷീൻ, ഹീറ്റർ, മിക്സി തുടങ്ങിയവ |
| 54 | സ്ഫോടക വസ്തുക്കൾ—വിൽക്കുകയോ സംഭരിക്കുകയോ ചെയ്യുക (പടക്കം മുതലായവ) |
| 55 | ഫാസ്റ്റ്-ഫുഡ് തയ്യാറാക്കുകയോ വിൽക്കുകയോ ചെയ്യുക |
| 56 | കൊഴുപ്പ്—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ ചെയ്യുക |
| 57 | നാര്—സംഭരിക്കുകയോ നിർമ്മിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 58 | ഫൈബർ ഗ്ലാസ് കൊണ്ടുള്ള സാധനങ്ങൾ സംഭരിക്കുക |
| 59 | ഫിൻസ് (ചിറകുകൾ)—സംഭരിയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ പ്രസ്സ് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുക |
| 60 | കരി മരുന്നുകൾ—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ പ്രസ്സ് ചെയ്യുകയോ വൃത്തിയാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 61 | മത്സ്യം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ പ്രസ് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ ചെയ്യുക (പച്ച മത്സ്യവും ഉണക്ക മത്സ്യവും) |
| 62 | മീനെണ്ണ—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 63 | ചണം/ഫ്ലാക്സ് (FLAX)—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തി യാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 64 | ഫ്ലെഷ് (മാംസം)—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തി യാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 65 | മാവ്—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക (ഫ്ലവർമിൽ ഉൾപ്പെടെ) വിൽപ്പനക്കായി ശേഖരിക്കുന്നതിന് |
| 66 | ശീതീകരിച്ച ആഹാരം—സംഭരിക്കുക കോൾഡ് സ്റ്റോറേജ് നടത്തുന്നതിന് (മത്സ്യം, മാംസം ഇവ ശേഖരിക്കുന്നതിന്) |
| 67 | രാസമിശ്രിതം—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 68 | വാതകം (പാചക വാതകം ഉൾപ്പെടെ ഏതു വാതകവും) സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 69 | ഗ്യാസ് അടുപ്പ്, മണ്ണെണ്ണ അടുപ്പ്, അവയുടെ സ്പെയർ പാർട്ടുകൾ സംഭരിക്കുകയോ, വിൽക്കുകയോ, നിർമ്മിക്കുകയോ ചെയ്യുക |
| 70 | നെയ്യ്—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചീകരിക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 71 | ഗ്ലാസ് ഷീറ്റുകൾ / മിറർ / മറ്റ് ഗ്ലാസ് ഉൽപ്പന്നങ്ങൾ സംഭരിക്കുക |
| 72 | സ്വർണ്ണം—ശുദ്ധീകരിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 73 | ധാന്യങ്ങൾ—സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 74 | പയറ് (ഉഴുന്ന്, ചെറു പയർ ഉൾപ്പെടെ) - സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 75 | കരിങ്കല്ല്—കൊത്തുക, മിനുക്കുക വില്പനക്കായി സംഭരിക്കുക |
| 76 | നിലക്കടല—വിൽക്കുകയോ സംഭരിക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 77 | ഇലക്ട്രോപ്ലേറ്റിംഗ് |
| 78 | വെടിപ്പരുത്തി—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 79 | കാലി ചാക്ക്—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 80 | വെടി മരുന്ന്—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 81 | രോമം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ നിർമ്മിക്കുകയോ ചായം മുക്കുകയോ ഉണക്കുകയോ ചെയ്യുക |
| 82 | ഹാർഡ് വെയർ—നിർമ്മിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 83 | മൃഗത്തോൽ—പായ്ക്കു ചെയ്യുകയോ വൃത്തിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ വിൽപ്പനക്കായി സംഭരിക്കുകയോ ചെയ്യുക |
| 84 | ചണനൂൽ (ഹെബ്)—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുചി യാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 85 | കുളംപ്—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുചിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 86 | കൊമ്പ്—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുചിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 87 | ആശുപത്രി—നടത്തുക |
| 88 | ഐസ്—നിർമ്മിക്കുക |
| 89 | ഐസ്ക്രീം നിർമ്മാണം |
| 90 | ഇമിറ്റേഷൻ ഗോൾഡ്—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 91 | ഇന്ധനം (പെട്രോളിയം ഉൽപ്പന്നം ഒഴികെ) ഏതെങ്കിലും വ്യവസായിക ആവശ്യത്തിന് ഉപയോഗിക്കുക |
| 92 | ശർക്കര—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 93 | രത്നാഭരണങ്ങൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 94 | ചണം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 95 | കടപ്പ കല്ലുകൾ—സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 96 | സദ്യാലയം, കല്ല്യാണ മണ്ഡപം, ആഡിറ്റോറിയം ഹാൾ മുതലായവ പരിപാലിക്കുകയും നടത്തുകയും ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 97 | മണ്ണെണ്ണ—വിൽപ്പനക്കായി സൂക്ഷിക്കുക |
| 98 | കാക്കി—തയ്യാറാക്കുക |
| 99 | അരക്ക്—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 100 | ഈയം—(ഉരുക്കുക പാത്രം ഈയം പൂശൽ ഉൾപ്പെടെ) സംഭരിക്കുകയോ വിൽക്കുകയോ പായ്ക്ക് ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 101 | ലെതർ ഉൽപ്പന്നങ്ങൾ, ലെതർ മിശ്രിത ഉൽപ്പന്നങ്ങൾ (ലെതർ ബാഗ്, ലെതർ ചെരിപ്പ്, ലെതർ പൊടി മുതലായവ) |
| 102 | പുൽത്തൈലം—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 103 | ചുണ്ണാമ്പ്—സംഭരിക്കുകയോ വിൽക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധി യാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 104 | കക്ക—സംഭരിക്കുകയോ വിൽക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധി യാക്കുകയോ ചെയ്യുക |
| 105 | ലോഡ്ജ് നടത്തിപ്പ് |
| 106 | യന്ത്രങ്ങൾ—ഏതെങ്കിലും വ്യവസായിക ആവശ്യത്തിന് ഉപയോഗിക്കുക |
| 107 | അസുഖകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയ ഗന്ധമോ പുകയോ പൊടിയോ ശബ്ദമോ ഉണ്ടാക്കുന്ന സാധനങ്ങൾ നിർമ്മിക്കുക |
| 108 | വളം—സംഭരിക്കുകയോ വിൽക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധി യാക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 109 | മരുന്ന്—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 110 | ലോഹങ്ങൾ (അമൂല്യ ലോഹങ്ങൾ ഉൾപ്പെടെ - സ്വർണ്ണം വെള്ളി ഒഴികെ) അടിച്ചു പരത്തുകയോ മുറിക്കുകയോ തല്ലി രൂപപ്പെടുത്തുകയോ വാർക്കുകയോ ചെയ്യുക) |
| 111 | മെറ്റൽ ക്രഷർ പ്രവർത്തിപ്പിക്കുക |
| 112 | പാലും പാൽ ഉൽപ്പന്നങ്ങളും—സംഭരിക്കുകയോ നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുക (കവർ പാൽ ഉൾപ്പെടെ) എന്നാൽ വെണ്ണ, നെയ്യ് ഒഴികെ |
| 113 | ശർക്കരപ്പാവ് നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 114 | മോട്ടോർ ആർമേച്ചർ നിർമ്മിക്കുക |
| 115 | മോട്ടോർ—വാഹനങ്ങൾ സംഭരിക്കുകയോ വിൽക്കുകയോ സർവ്വീസ് ചെയ്യുകയോ അറ്റകുറ്റപ്പണി ചെയ്യുകയോ പെയിന്റ് ചെയ്യുകയോ ചെയ്യുക<br>(ലൈറ്റ്, ഹെവി വെഹിക്കിൾസ്) |
| 116 | മോട്ടോർ—വാഹനങ്ങൾ (ലൈറ്റ്, ഹെവി വെഹിക്കിൾസ്) സർവ്വീസ് ചെയ്യുകയോ അറ്റകുറ്റപ്പണി ചെയ്യുകയോ പെയിന്റ് ചെയ്യുകയോ ചെയ്യുക (ലൈറ്റ് വെഹിക്കിൾസ്) |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 117 | മോട്ടോർ—വാഹനങ്ങൾ, വൈദ്യുത ഉപകരണങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 118 | മോട്ടോർ പമ്പ് സെറ്റ് നിർമ്മിക്കുക |
| 119 | സംഗീത ഉപകരണങ്ങൾ നിർമ്മിക്കുകയോ വില്പന നടത്തുകയോ ചെയ്യുക |
| 120 | നൈട്രോ കോമ്പൗണ്ട് സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 121 | നൈട്രോ ഗ്ലിസറിൻ—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുദ്ധി യാക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 122 | ഒഫൽ (കപ്പ, ചണ്ടി, തവിട്)—സംഭരിക്കുകയോ പായ്ക്ക് ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക |
| 123 | എണ്ണ—തിളപ്പിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ പായ്ക്ക് ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 124 | കണ്ണട—നിർമ്മിക്കുകയോ സംഭരിക്കുകയോ മിനുസപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുക |
| 125 | നെല്ല്—യന്ത്രം ഉപയോഗിച്ച് പുഴുങ്ങുകയോ കുത്തുകയോ ചെയ്യുക (യന്ത്രത്തിന്റെ ഫീസ് കൂടാതെ) |
| 126 | പെയിന്റ് നിർമ്മിക്കുകയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 127 | കീടനാശിനി—നിർമ്മിക്കുകയോ കൂട്ടിക്കലർത്തുകയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 128 | പെട്രോളിയം ഉൽപ്പന്നങ്ങൾ—സംഭരിച്ചു വയ്ക്കുകയോ പാക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് ശുദ്ധീകരിക്കുന്നതിന് |
| 129 | കീൽ സംഭരിച്ചു വയ്ക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 130 | പ്ലാസ്റ്റിക് സാമഗ്രികൾ—നിർമ്മിക്കുകയോ തയ്യാറാക്കുകയോ സംഭരി ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 131 | പോളിത്തീൻ ഉൽപ്പന്നങ്ങൾ—നിർമ്മിക്കുകയോ തയ്യാറാക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 132 | മൺപാത്രങ്ങൾ പായ്ക്കു ചെയ്യുകയോ പ്രസ്സ് ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 133 | പൗൾട്രി ഫാം നടത്തുന്നതിന് |
| 134 | റഫ്രിജറേറ്റർ—സംഭരിക്കുകയോ റിപ്പയർ ചെയ്യുകയോ വിൽക്കുകയോ ചെയ്യുക |
| 135 | മരപ്പശ—സംഭരിച്ചുവക്കുകയോ പായ്ക്കു ചെയ്യുകയോ പ്രസ്സ് ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 136 | ഹോട്ടൽ, റസ്റ്റാറന്റ്, കാന്റീൻ, ചായക്കട തുടങ്ങിയവ നടത്തുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 137 | പനീർ—നിർമ്മിക്കുകയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 138 | റബ്ബർ സാധനങ്ങൾ— നിർമ്മിക്കുകയോ സംഭരിച്ചു വയ്ക്കുകയോ ചെയ്യുക<br>റബ്ബർ ഉൽപ്പന്നങ്ങൾ (പാദരക്ഷകൾ, ബെൽറ്റുകൾ, തലയിണ, കുഷ്യൻ, ചവിട്ടി, ഗ്ലാസ് തുടങ്ങിയവ) |
| 139 | ചാമുക്കാളങ്ങൾ—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധി യാക്കുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 140 | ചൗവ്വരി—ഉണ്ടാക്കുകയോ വാറ്റിയെടുക്കുകയോ ചെയ്യുക |
| 141 | വെടിയുപ്പ്—സംഭരിച്ചു വയ്ക്കുകയോ പായ്ക്കു ചെയ്യുകയോ |
| 142 | ചന്ദനം—പ്രോസ്സസ്സു ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 143 | ശുചീകരണവും പ്ലമ്പിംഗും സാമഗ്രികൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 144 | സ്ക്രാപ്പ് മെറ്റലുകൾ—സംഭരണവും വിൽപ്പനയും നടത്തുക |
| 145 | ചീവയ്ക്കാ—യന്ത്രം കൊണ്ടു പൊടിക്കൽ |
| 146 | കോലരക്ക്—സംഭരിച്ചുവയ്ക്കുകയോ പാക്കു ചെയ്യുകയോ ശുചീകരി ക്കുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 147 | പട്ട്—പാക്കു ചെയ്യുകയോ പ്രസ്സ് ചെയ്യുകയോ ശുദ്ധിയാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 148 | തൊലികൾ—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 149 | സോപ്പ്, സോപ്പ് പെട്ടി (ലിക്വിഡ് സോപ്പ് ഉൾപ്പെടെ) പായ്ക്കു ചെയ്യുകയോ പ്രസ്സ് ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 150 | ലഘുപാനീയം—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക (സോഫ്റ്റ് ഡ്രിംഗ്സ്, സർബത്ത്, സിറപ്പ്) |
| 151 | സുഗന്ധ വ്യഞ്ജനങ്ങൾ —സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 152 | സ്പിരിറ്റ്, കള്ള്, വിദേശ മദ്യം—ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ചു വയ്ക്കുക, പായ്ക്കു ചെയ്യുക, പ്രസ്സ് ചെയ്യുക, ശുദ്ധിയാക്കുക, തയ്യാറാക്കുക, ഉണ്ടാക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുക |
| 153 | സ്റ്റെയിൻലസ് സ്റ്റീൽ—നിർമ്മിക്കുകയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 154 | സ്റ്റാർ ഹോട്ടലുകൾ—നടത്തുക |
| 155 | ഉരുക്ക്—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 156 | പഞ്ചസാര—പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 157 | കൽക്കണ്ടം—പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 158 | ഗന്ധകം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ഉരുക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക |
| 159 | സുർക്കി (വിനാഗിരി)—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധി യാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക |
| 160 | കൊഴുപ്പ് (ടാലോ)—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധി യാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക |
| 161 | ടാർ—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക |
| 162 | തുണി—ചായം മുക്കുകയോ, സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക |
| 163 | ത്രിചക്ര വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും നിർമ്മിക്കുകയോ സംഭരിക്കുകയോ വാങ്ങുകയോ വിൽക്കുകയോ ചെയ്യുക |
| 164 | ത്രിചക്ര വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും—സർവ്വീസ് നടത്തുകയോ/റിപ്പയർ ചെയ്യുകയോ ചെയ്യുക |
| 165 | ഓടുകൾ (മൺ തറയോടുകൾ ഉൾപ്പെടെ) നിർമ്മിക്കുകയോ ശേഖരി ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 166 | തടി—വിൽക്കുകയോ സംഭരിച്ചുവയ്ക്കുകയോ ചെയ്യുക (തടി, ഉരുപ്പടികളും കട്ടിള, ജനൽ, പണിത്തരങ്ങൾ ഉൾപ്പെടെ) |
| 167 | പുകയില—(മൂക്കുപ്പൊടി, ചുരുട്ട്, സിഗററ്റ്, ബീഡി എന്നിവയുൾപ്പെടെ) സംഭരിച്ച് വയ്ക്കുകയോ, പായ്ക്കു ചെയ്യുകയോ, പ്രസ്സ് ചെയ്യുകയോ ശുദ്ധി ചെയ്യുകയോ തയ്യാറാക്കുകയോ ചെയ്യുക |
| 168 | കളിപ്പാട്ടങ്ങൾ (ടോയ്സ്) സംഭരിക്കുകയോ, നിർമ്മിക്കുകയോ, വിൽപ്പനയ്ക്കായി ശേഖരിക്കുകയോ ചെയ്യുക |
| 169 | ടർപ്പൻടൈൻ—സംഭരിച്ചു വയ്ക്കുകയോ, പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക |
| 170 | ടയർ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ റീട്രേഡ് ചെയ്യുകയോ വൾക്കനൈസ് ചെയ്യുകയോ ചെയ്യുക (യന്ത്ര ശക്തി ഉപയോഗിച്ച്) |
| 171 | കുട—നിർമ്മിക്കുയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 172 | അപ്ഹോൾസ്റ്ററി സാധനങ്ങൾ—നിർമ്മിക്കുകയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 173 | വീഡിയോ കാസറ്റ്, C.D—റിക്കാർഡു ചെയ്യുകയോ സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 174 | അഴുക്കു തുണി അലക്കൽ, സൂക്ഷിക്കൽ, ഡ്രൈ ക്ലീനിംഗ് |
| 175 | വാച്ച്—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യുക |
| 176 | വെൽഡിംഗ് യൂണിറ്റ്—നടത്തുക |
| 177 | ആടു രോമം—സംഭരിക്കുകയോ പായ്ക്കു ചെയ്യുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ചായം മുക്കുകയോ ഉണക്കുകയോ ചെയ്യുക |
| 178 | നൂല്—ചായം മുക്കുക/സെറി കൾച്ചർ |
| 179 | കന്നുകാലികളെ വളർത്തുക |
| 180 | സ്വകാര്യ അറവുശാല |
| 181 | അങ്ങാടി മരുന്ന് വിൽപ്പനയ്ക്കായി ശേഖരിക്കൽ/വിൽപ്പന |
| 182 | ഇലക്ട്രോണിക് ഉപകരണങ്ങളും ഭാഗങ്ങളും (ടി.വി., വി.സി.ആർ., വി.സി.പി., റേഡിയോ, കമ്പ്യൂട്ടർ ഇവ ഒഴികെ) കാൽക്കുലേറ്ററുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലാമിനേറ്റിംഗ് മെഷീൻ |
| 183 | കോസ്മെറ്റിക് (പെർഫ്യൂം, ടാൽകം പൗഡർ) നിർമ്മിക്കുകയോ ശേഖരിക്കുകയോ ചെയ്യുക |
| 184 | ഔഷധങ്ങൾ—അലോപ്പതി, ആയുർവേദം, ഹോമിയോ |
| 185 | ക്ലിനിക്—അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ, ഡെന്റൽ, യുനാനി, വിഷ ചികിത്സ, ഒറ്റമൂലി ചികിത്സ, പാരമ്പര്യ വൈദ്യം (നാട്ടു വൈദ്യം), കൃത്രിമ ദന്ത നിർമ്മാണം, മർമ്മ ചികിത്സ |
| 186 | കോസ്മെറ്റിക് (പെർഫ്യൂം, ടാൽകം പൗഡർ) വിൽപ്പന |
| 187 | മിനറൽ വാട്ടർ നിർമ്മിക്കുക—ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച് അമർത്തി കെട്ടുക, സംഭരിക്കുക, വിതരണം |
| 188 | അലങ്കാരാവശ്യങ്ങൾക്കുള്ള വസ്തുക്കൾ (പന്തലുകൾ ഉൾപ്പെടെ) ശേഖരിക്കുക |
| 189 | മാവു കൊണ്ടുണ്ടാക്കിയ സാധനങ്ങൾ—(വീട്ടാവശ്യത്തിനല്ലാതെ) ചുട്ടെടു ക്കുകയോ, തയ്യാറാക്കുകയോ, സൂക്ഷിക്കുകയോ, സംഭരിക്കുകയോ ചെയ്യുക (ബിസ്ക്കറ്റ്, ബ്രഡ്, കേക്ക് ഇവ ഒഴികെ) |
| 190 | ഓഡിയോ കാസറ്റ്—റെക്കോഡു ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 191 | ബേബി ഫുഡ്—സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 192 | മുള, കാറ്റാടി—വിൽപ്പനയ്ക്കോ, വാടകയ്ക്ക് കൊടുക്കാനോ വേണ്ടി സംഭരിക്കുകയോ, നിർമ്മിക്കുകയോ ചെയ്യുക |
| 193 | ബത്തികൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 194 | ബ്യൂട്ടി പാർലർ നടത്തുക |
| 195 | വെറ്റില മൊത്ത വ്യാപാരത്തിനായി സംഭരിക്കുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 196 | ബുക്ക്—അച്ചടിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 197 | ബുക്കുകൾ സംഭരണവും വിൽപ്പനയും |
| 198 | ആൽബം, ഡയറി (പ്രിന്റഡ്) തുടങ്ങിയവ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 199 | കേബിൾ ടി.വി. പ്രവർത്തിപ്പിക്കുക |
| 200 | മുളക്, മല്ലി, മഞ്ഞൾ—വിൽപ്പനയ്ക്കായി ശേഖരിക്കുക |
| 201 | ചിട്ടി, കുറി, ഹയർ പർച്ചേസ്, മണി ലെൻഡിംഗ് |
| 202 | നാളികേരം (കരിക്ക് ഉൾപ്പെടെ) സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 203 | തൊണ്ടും പനയോലയും കുതിർക്കുക |
| 204 | ചിരട്ട—സംഭരിക്കുക |
| 205 | കമ്പ്യൂട്ടർ—നിർമ്മിക്കുകയോ അസംബ്ലിങ് ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 206 | ഡി.റ്റി.പി. ലേസർ പ്രിന്റർ, സ്കാനർ നടത്തുക |
| 207 | മുട്ട വിൽപ്പനയ്ക്കായി സംഭരിക്കുന്നതിന് |
| 208 | ഫാൻസി ഷോപ്പുകൾ നടത്തുക |
| 209 | വിറക് വിൽപ്പനയ്ക്കായി സംഭരിക്കുന്നതിന് |
| 210 | പുഷ്പങ്ങൾ സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക |
| 211 | ഫലങ്ങൾ—സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക |
| 212 | ഫർണിച്ചർ—സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുക (തടി, ഫൈബർ, ചൂരൽ ഉൾപ്പെടെ) |
| 213 | ഗ്ലേസ്ഡ് ടൈൽസ്/സെറാമിക് ടൈൽസ് നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 214 | പുല്ല്—സംഭരിക്കുക |
| 215 | ബാർബർ ഷോപ്പ് |
| 216 | കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 217 | വൈയ്ക്കോൽ—സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 218 | മേശ, കസേര, ടാർപ്പാളിൻ, ഫർണിച്ചർ, പാത്രങ്ങൾ, വിരികൾ, പായ്ക്കുകൾ, പെട്രോമാക്സ് വാടകയ്ക്ക് കൊടുക്കുന്നതിനായി സൂക്ഷിക്കുക |
| 219 | തേൻ വിൽപ്പനയ്ക്കായി ശേഖരിക്കുക |
| 220 | ഹോർട്ടികൾച്ചർ/ഫ്ലോറികൾച്ചർ നഴ്സറികൾ |
| 221 | ഹോസ്റ്റലുകൾ നടത്തുക |
| 222 | മാർബിൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 223 | തീപ്പെട്ടി—സംഭരിക്കുകയോ വിൽക്കുകയോ പായ്ക്ക് ചെയ്യുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 224 | മൈക്രോഫോണും ലൗഡ് സ്പീക്കറും നിർമ്മിക്കുകയോ സംഭരിക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ വിൽക്കുകയോ ചെയ്യുക |
| 225 | മൊസേക്ക്—നിർമ്മിക്കുകയോ മിനുസപ്പെടുത്തുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 226 | ആഫീസ് സ്റ്റേഷനറി—നിർമ്മിക്കുകയോ പായ്ക്കു ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 227 | മുറുക്കാൻ കട/പെട്ടി കട/ബങ്ക് |
| 228 | കടലാസ്സ് പായ്ക്ക് ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ശുചിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ ചെയ്യുക. |
| 229 | സ്കാനിംഗ്, ഇ.സി.ജി. ക്ലിനിക്കൽ ലാബോറട്ടറി, ബ്ലഡ് ബാങ്ക് തുടങ്ങിയവ യൂണിറ്റുകൾ പ്രത്യേകമായി നടത്തുക. |
| 230 | പാർസൽ സർവ്വീസ് നടത്തുക |
| 231 | ഫോട്ടോ ഫ്രെയിമും ലാമിനേറ്റിംഗും—നിർമ്മിക്കുകയോ തയ്യാറാക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 232 | ഛായാഗ്രഹണ സാമഗ്രികൾ—നിർമ്മിക്കുകയോ പ്രസ്സ് ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 233 | അച്ചാറുകൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 234 | വാഴയില—സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 235 | പ്ലൈവുഡ്, ഹാർഡ് ബോർഡ്, ലാമിനേറ്റഡ് ഷീറ്റ്, സൺമൈക്ക, ഫോർമൈക്ക മുതലായവ |
| 236 | റേഡിയോ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 237 | റേഡിയോ—സർവ്വീസ് ചെയ്യുകയോ റിപ്പയർ ചെയ്യുകയോ ചെയ്യുക |
| 238 | റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ |
| 239 | റബ്ബർ സാധനങ്ങൾ—നിർമ്മിക്കുകയോ സംഭരിച്ചു വയ്ക്കുകയോ ചെയ്യുക<br>അസംസ്കൃത റബ്ബർ വിൽപ്പനയ്ക്കായി സംഭരിക്കുക |
| 240 | റെഡിമെയ്ഡ് വസ്ത്രങ്ങൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 241 | റബ്ബർ മുദ്ര—നിർമ്മിയ്ക്കുകയോ സംഭരിച്ചു വിൽക്കുകയോ ചെയ്യുക |
| 242 | ഉപ്പ്—അയോഡൈഡ്സ്/സാധാരണ ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുക |
| 243 | സൈൻ ബോർഡുകൾ—നിർമ്മിക്കുകയോ സംഭരിച്ചു വിൽക്കുകയോ ചെയ്യുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 244 | സ്പോർട്ട്സ് ഗുഡ്സ് സംഭരിക്കുക |
| 245 | സ്പ്രേ പെയിന്റിംഗ്—സ്ഥാപനം നടത്തുക |
| 246 | തയ്യൽ—തയ്ക്കുകയോ നിർമ്മിക്കുകയോ ചെയ്യുക |
| 247 | തയ്യൽ സാമഗ്രികൾ—നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 248 | കരിമ്പിൻ നീര്—തയ്യാർ ചെയ്തു വിൽപ്പന നടത്തുക |
| 249 | മധുര പദാർത്ഥങ്ങൾ (മിഠായി, ബ്രഡ്, ബിസ്ക്കറ്റ്, കേക്ക്, ഒഴികെ) ചുട്ടെടുക്കുകയോ തയ്യാറാക്കുകയോ സൂക്ഷിക്കുകയോ സംഭരിക്കുകയോ ചെയ്യുക |
| 250 | പുളി—വിൽപ്പനയ്ക്കായി ശേഖരിക്കുക |
| 251 | തേയില—പ്രോസ്സസ്സ് ചെയ്യുകയോ പായ്ക്ക് ചെയ്യുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക |
| 252 | ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ് നടത്തുക |
| 253 | ടെലിവിഷൻ, വി.സി.ആർ., വി.സി.പി.—സംഭരിച്ചു വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 254 | ടെലിവിഷൻ, വി.സി.ആർ., വി.സി.പി.—വാടകയ്ക്ക് കൊടുക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യുക |
| 255 | കെട്ടിട മേച്ചിൽ സാധനങ്ങൾ (ആസ്ബസ്റ്റോസ് ഷീറ്റ്, സിങ്ക് ഷീറ്റ്, ടിൻ ഷീറ്റ്, പ്ലാസ്റ്റിക് ഷീറ്റ്, താർ ഷീറ്റ്, ലൈറ്റ് റൂഫ് ഷീറ്റ്, പി.വി.സി. ഷീറ്റ്, ഫൈയർ ഗ്ലാസ് ഷീറ്റ് തുടങ്ങിയവ) സംഭരിച്ചു വയ്ക്കുകയോ വില്ക്കുകയോ ചെയ്യുക |
| 256 | കിഴങ്ങ് വർഗ്ഗങ്ങൾ (മരച്ചീനി, ഉരുളക്കിഴങ്ങ്, മധുരക്കിഴങ്ങ്, കാച്ചിൽ തുടങ്ങിയവ) |
| 257 | ഫോട്ടോസ്റ്റാറ്റ്, സൈക്ലോസ്റ്റൈൽ അമോണിയ പ്രിന്റ്, സ്ക്രീൻ പ്രിന്റ്, ബ്ലോക്ക് മേക്കിംഗ് മുതലായവ എടുക്കുക |
| 258 | പച്ചക്കറി—സംഭരിച്ച് വയ്ക്കുകയോ വിൽക്കുകയോ ചെയ്യുക |
| 259 | വേബ്രിഡ്ജ് പ്രവർത്തിപ്പിക്കുക |
| 260 | ബ്രോക്കർമാർ, കമ്മീഷൻ ഏജന്റുമാർ, അളവു തൂക്ക പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ |
| 261 | വറവു പൊരി സാധനങ്ങളുടെ നിർമ്മാണം |
| 262 | വറവു പൊരി സാധനങ്ങളുടെ—വിൽപ്പന |
| 263 | ഉള്ളി, സവാള, വെളുത്തുള്ളി സംഭരിക്കുക വിതരണം ചെയ്യുക |
| 264 | വ്യവസായമോ, ഫാക്ടറിയോ, വ്യാപാരമോ, സംരംഭക പ്രവർത്തനമോ, മറ്റ് സേവനമോ ആയി സെക്രട്ടറിക്ക് തോന്നുന്ന ഇതിൽ പറയാത്ത ഏതൊരു വസ്തുവും |
| 265 | ട്രാവൽ ഏജൻസി നടത്തുക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 266 | ഇ-മെയിൽ, ഇന്റർനെറ്റ് കഫേ ഇവ നടത്തുക |
| 267 | ലോഹങ്ങൾ (വെള്ളി, ചെമ്പ്) |
| 268 | നൂതന വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ |
| 269 | ഭവന സുരക്ഷ അഗ്നിശമന ഉപകരണങ്ങളുടെ സംഭരണവും വിൽപ്പനയും |
| 270 | ബിൽഡിംഗ് പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| 271 | യോഗശാല |
| 272 | ജിംനേഷ്യം |
| 273 | പേ & പാർക്ക് ഏരിയ |
| 274 | ആയുർവേദിക് മസാജ് സെന്റർ |
| 275 | മാര്യേജ് ബ്യൂറോ |
| 276 | പരസ്യ ഏജൻസി |
| 277 | ഇലക്ട്രിക്ക് ബോർഡ് കട്ടിംഗ്, ഡ്രില്ലിംഗ്, മേക്കിംങ് |
| 278 | ടാക്സ് പ്രാക്റ്റീഷണർ (സെയിൽ ടാക്സ്/ചാർട്ടേർഡ് അക്കൗണ്ടന്റ്, ടാക്സ് |
| 279 | സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങൾ |
| 280 | ട്രാവൽ കൺസൾട്ടന്റ്, എയർ ടിക്കറ്റ്, വിസ ക്ലിയറൻസ് |
| 281 | ടൂറിസ്റ്റ് ടാക്സി ഓപ്പറേറ്റിംഗ് |
| 282 | മൾട്ടി ലെവൽ മാർക്കറ്റിംഗ് ഓർഗനൈസേഷൻ |
| 283 | മണി എക്സ്ചേഞ്ച് സ്ഥാപനങ്ങൾ |
| 284 | ലോട്ടറി കച്ചവടം |
| 285 | മൊബൈൽ ഫോൺ വില്പന റിപ്പയറിംഗ് പ്രീപെയ്ഡ് കാർഡ് വില്പന |
| 286 | സോഫ്റ്റ്‌വെയർ ഡെവലപ്പിംഗ്/കാൾ സെന്റർ |
| 287 | സൈബർ കഫേ |
| 288 | സോഫ്റ്റ്‌വെയർ ഡെവലപ്പേഴ്സ് |
| 289 | കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ, ഇന്റർനെറ്റ് കഫേ, സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, പ്രോഗ്രാമിംഗ് |
| 290 | ബാക്ക് എൻഡ് ഡാറ്റാ പ്രോസസിംഗ് (ബാങ്ക്/ടെലികോം, ഇൻഷുറൻസ്/മറ്റ് മേഖലകൾ) |
| 291 | ബാക്ക് എൻഡ് എഞ്ചിനീയറിംഗ് സപ്പോർട്ട് സർവ്വീസസ് —നെറ്റ് മെയിന്റയിൻ സെർവറുകൾ ബാങ്കുകൾ/ടെലികോം കമ്പനികൾ |
| 292 | ഡ്രൈവിംഗ് സ്കൂൾ |
| 293 | മൃഗപരിപാലന കേന്ദ്രം |
| 294 | ഈവന്റ് മാനേജ്മെന്റ് |
| 295 | വാഹനങ്ങളിൽ ഭക്ഷണ സാധനങ്ങൾ വില്പന/ഓൺലൈൻ ഭക്ഷണ വ്യാപാരം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 296 | ഷോപ്പിംഗ് ഫെസ്റ്റിവെൽ |
| 297 | ഫാന്റസി റൈഡ് |
| 298 | വാഹനം വാടകയ്ക്ക് നൽകൽ |
| 299 | ജല വിനോദം, നീന്തൽ പരിശീലനം എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ |
| 300 | മൊബൈൽ ടവറുകൾ, സിം കാർഡ്, മൊബൈൽ ഫോൺ, മൊബൈൽ അക്സസറീസ് പ്രൊവൈഡേഴ്സ് |
| 301 | നഴ്സറികൾ, ക്രഷുകൾ, ശിശുപരിപാലന കേന്ദ്രങ്ങൾ |
| 302 | ഹോംനഴ്സിംഗ്/പ്ലേസ്മെന്റ് സ്ഥാപനങ്ങൾ |
| 303 | ഏതു തരത്തിലുള്ള കായിക, കലാ പരിശീലന കേന്ദ്രങ്ങൾ |
| 304 | സൂപ്പർ മാർക്കറ്റുകൾ, മാളുകൾ, മൾട്ടി ബ്രാന്റഡ് ഹൈപ്പർ മാർക്കറ്റുകൾ, കമ്പനി ബ്രാന്റ് സ്റ്റോറുകൾ, ബോട്ടിക്കുകൾ |
| 305 | ഒഴിവു സമയ വിനോദങ്ങൾക്കുള്ള എല്ലാതരം ഉപാധികളും (Leisure & Entertainment)—DJ & Light/Sound Band ഉൾപ്പെടെ, ഹോം സ്റ്റേ. |
| 306 | സാമ്പത്തിക മേഖല—എടിഎം/ഫിനാൻസ് കമ്പനി, കറൻസി എക്സ്ചേഞ്ച് സർവ്വീസ്/ഓൺലൈൻ ഫിനാൻഷ്യൽ സർവ്വീസുകൾ—സ്റ്റോക്ക് ബ്രോക്കിംഗ് കമ്പനി/മൾട്ടി ലെവൽ മാർക്കറ്റിംഗ് കമ്പനി—ഷെയർ ട്രേഡിംഗ് ടെർമിനലുകൾ/കാർ ഫൈനാൻസ്/കമ്മീഷൻ ഏജന്റുമാർ/ഫിനാൻഷ്യൽ റിസർച്ച് & അഡ്വൈസറി സർവ്വീസുകൾ/തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ— ഇൻഷുറൻസ് കമ്പനികൾ |
| 307 | വിനോദ മൃഗ സവാരി, പരിശീലനം |
| 308 | മത്സ്യബന്ധന വല അനുബന്ധ സാധനങ്ങളുടെ വില്പന |
| 309 | ഔട്ട് ഡോർ ഇൻഡോർ വീഡിയോഗ്രാഫി/ഫിലിം യൂണിറ്റ്, പ്രോസസ്സിംഗ് |
| 310 | ലബോറട്ടറി സാധനങ്ങളുടെ വില്പന |
| 311 | എല്ലാത്തരം സാധനങ്ങളുടെയും ചില്ലറ വിൽപ്പന |
| 312 | ഇതിൽ പ്രത്യേകം പറയാത്തതും, എന്നാൽ നഗരസഭാ പരിധിയിൽ വരുന്നതുമായ എല്ലാത്തരം വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും |
| 313 | ക്രാസി, സ്ലാബ് മതിൽ നിർമ്മാണം, കോൺക്രീററ് ജനൽ |
| 314 | ശില്പങ്ങൾ, റിംഗുകൾ |
| 315 | കാലി കണ്ടയ്നർ വാടകയ്ക്ക് കൊടുക്കൽ |
| 316 | പേപ്പർ പ്ലേറ്റ് നിർമ്മാണം |
| 317 | ടയർ പഞ്ചർ വർക്കുകൾ |
| 318 | ഗ്രോസറി ഷോപ്പ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 319 | എക്സ്പോർട്ട്, ഇംപോർട്ട് ഏജൻസി |
| 320 | റേഡിയോ സ്റ്റേഷൻ |
| 321 | ന്യൂസ് പേപ്പർ ഏജൻസി/പബ്ലിഷിങ് |
| 322 | ഫുഡ് ഫോർ പെററ് കേനൽസ് |
| 323 | മാൻ പവർ റിക്രൂട്ട്മെന്റ് |
| 324 | മാനേജ്മെന്റ് കൺസൾട്ടൻസി |
| 325 | സ്കാൻ സെന്റർ |
| 326 | ബോർ വെൽ കൺസ്ട്രക്ഷൻ ഏജൻസി |
| 327 | മോട്ടോർ വെഹിക്കിൾ ഇൻഷുറൻസ് ഏജൻസി |
| 328 | ഡോർ ടു ഡോർ സെയിൽ |
| 329 | ജിപ്സം ബോർഡ് |
| 330 | മോഡുലാർ കിച്ചൺ സാമഗ്രികൾ |
| 331 | അക്യുപഞ്ചർ, നാച്യുറോപ്പതി, ഫിസിയോ തെറാപ്പി ക്ലിനിക്കുകൾ |
| 332 | കരിക്ക് വിൽപ്പന (വഴിയോര കച്ചവടം) |
| 333 | ടർഫ് ഗ്രൗണ്ട് |
| 334 | പുകയില്ലാത്ത അടുപ്പ് |
| 335 | ഹെയർ ഫിക്സിങ് സെന്റർ |
| 336 | ഡാൻസ് ഡ്രസ്സ്, ഓർണമെന്റ്, ഫാൻസി ഡ്രസ്സ് വാടകയ്ക്ക് |
| 337 | നമ്പർ പ്ലേറ്റ് നിർമ്മാണം/കീ ഡ്യൂപ്ലിക്കേറ്റിങ് |
| 338 | വയോജന പരിപാലന കേന്ദ്രം |
| 339 | പെട്രോൾ പമ്പ് |
| 340 | സ്പോർട്സ് ഗുഡ്സ് |
| 341 | തുണി ഇസ്തിരിയിടുന്ന സ്ഥാപനം |
| 342 | അക്ഷയ കേന്ദ്രം മാതൃകയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ |
| 343 | ലാന്റ് സ്കേപ്പിങ്/ഗാർഡനിങ് |
| 344 | കോൺക്രീറ്റ് ജനൽ, കട്ടിള, സ്ലാബ് മതിൽ നിർമ്മാണം |
| 345 | ആധാരം എഴുതുന്ന ഗുമസ്ഥന്മാരുടെ ഓഫീസ്/ആധാരം എഴുത്ത് സെന്റർ |
| 346 | ഹോസ്പിറ്റൽ & സർജിക്കൽ ഉപകരണങ്ങളുടെ ശേഖരണവും വിൽപ്പനയും |
| 347 | മാലിന്യ സംസ്കരണ ഉപകരണങ്ങൾ/ഉപാധികൾ (ബയോബിൻ, ബയോഗ്യാസ് പ്ലാന്റ്, റിങ് കമ്പോസ്റ്റ്, സെപ്റ്റിക്ക് ടാങ്ക്) എന്നിവയുടെ വിൽപ്പന |
| 348 | CCTV Camera സ്ഥാപനവും വിൽപ്പനയും, സർവ്വീസിങ്ങും |
| 349 | കെട്ടിട സാമഗ്രികളുടെ online (office സംവിധാനം) വിൽപ്പന |
| 350 | പ്രൊവിഷൻ സ്റ്റോർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 351 | സ്റ്റേഷനറി ഐറ്റം |
| 352 | ചെരിപ്പ് കച്ചവടം/നിർമ്മാണം |
| 353 | മിനറൽ വാട്ടർ സ്റ്റോക്ക് & സെയിൽ (ബോട്ടിൽ) |
| 354 | Office for various purpose |
| 355 | Advertisement board manufacturing |
| 356 | വിദേശപഠനം സൗകര്യമൊരുക്കൽ |
| 357 | കുറി കമ്പനികൾ/ഗോൾഡ് ലോൺ |
| 358 | ഡേ കെയർ സെന്റർ |
| 359 | ചിട്ടി കമ്പനികൾ |
| 360 | സ്വർണ്ണ പണയ സ്ഥാപനങ്ങൾ |
| 361 | പ്ലേ സ്കൂൾ |
| 362 | ന്യൂട്രീഷ്യസ് ഫുഡ് (പ്രോട്ടീൻ പൗഡർ) |
| 363 | മൊബൈൽ ഫോൺ |
| 364 | കണ്ണട നിർമ്മാണം |
| 365 | പാഴ്സൽ ഹട്ട് |
| 366 | അലുമിനിയം പാത്രങ്ങൾ വിൽപ്പന |
| 367 | മലഞ്ചരക്ക് കട |
| 368 | സ്റ്റീൽ പാത്രങ്ങൾ വിൽപ്പന |
| 369 | മൺപാത്രങ്ങൾ വിൽപ്പന |
| 370 | പൂജാ സാധനങ്ങൾ/പള്ളി ആരാധനാ സാമഗ്രികൾ |
| 371 | ലാപ്പ് ടോപ്പ്—കമ്പ്യൂട്ടർ |
| 372 | ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ഡോർ ഡെലിവറി |
| 373 | എഡ്യുക്കേഷൻ കൺസൽട്ടൻസി |
| 374 | ലോൺ സബ്സിഡികൾ, സർവ്വീസിംഗ്, കൺസൽട്ടൻസി |
| 375 | സംരംഭക പദ്ധതികൾ തയ്യാറാക്കി നൽകുന്ന ഓഫീസുകൾ |
| 376 | ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ |
| 377 | ഓട്ടോമൊബൈൽ പോളിഷിംഗ് |
| 378 | ഓട്ടോ ഇലക്ട്രിക്കൽ വർക്സ് |
| 379 | ബോട്ടു നിർമ്മാണം, സർവ്വീസസ് |
| 380 | സിനിമാ തിയേറ്റർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 381 | വൈദ്യുതീകരണത്തിനുള്ള സാമഗ്രികൾ |
| 382 | വർക്ക് ഷോപ്പ് |
| 383 | പ്ലാസ്റ്റർ ഓഫ് പാരീസ് |
| 384 | പി. വി. സി. മെറ്റീരിയൽസ് |
| 385 | സോ മിൽസ് |
| 386 | ഓയിൽ മിൽ |
| 387 | കള്ള് ഷാപ്പ് |
| 388 | സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനോടൊപ്പം ഓഫീസ് ആവശ്യം നടത്തുന്നതിന് |
| 389 | ചായ കച്ചവടം |
| 390 | പലചരക്ക് കച്ചവടം |
| 391 | ഓൺ ലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ/സർവ്വീസ് |
| 392 | ഗെയിം സെന്റർ |
| 393 | ലോജിസ്റ്റിക് സ്ഥാപനങ്ങൾ |
| 394 | ടൗൺ വെൻഡിംഗ് കമ്മിറ്റി അംഗീകരിച്ച വഴിയോര കച്ചവടം |
| 395 | സ്വർണ്ണം, വെള്ളി ആഭരണ നിർമ്മാണം |
| 396 | പെറ്റ് ഷോപ്പ്, പെറ്റ്സ്, ഫുഡ് ഫോർ പെറ്റ് കേന്നൽ, വളർത്തു പക്ഷികൾ, അലങ്കാര മത്സ്യങ്ങൾ, അക്വേറിയം—വിൽപ്പന, സംഭരണം, നിർമ്മാണം, കെന്നൽസ് വിൽപ്പന |
| 397 | വീട്ടു സാധനങ്ങൾ വിൽപ്പനയും, റിപ്പയറിംഗും |
| 398 | ഇൻഷൂറൻസ് ഓഫീസ് |
| 399 | ഡയമണ്ട് ആഭരണങ്ങൾ—ചെറുകിട കച്ചവടം, മൊത്ത കച്ചവടം |
| 400 | ജൈവ വളം, ജൈവാണു വളം, സംഭരണം വിൽപ്പന |
| 401 | ഗോൾഡ് പ്ലേറ്റിംഗ് നിർമ്മാണം/വിൽപ്പന/സംഭരണം |
| 402 | ടെലി ഷോപ്പിംഗ് ഓഫീസ് |
| 403 | ഗിഫ്റ്റ് ആർട്ടിക്കിൾസ് |
| 404 | കാർ ഇന്റീരിയർ വർക്/അക്സസറീസ് |
| 405 | ജോബ് കൺസൽട്ടൻസി |
| 406 | നാലു ചക്ര, ഇരുചക്ര വാഹനത്തിന്റെ വാട്ടർ സർവ്വീസ് |
| 407 | പൂക്കൾ—മൊത്ത കച്ചവടം, ചില്ലറ വിൽപ്പന, ഫ്ലവർ ഷോ |
| 408 | പഴങ്ങൾ—മൊത്ത കച്ചവടം, ചില്ലറ വിൽപ്പന |
| 409 | കമ്പ്യൂട്ടർ പരിശീലന കേന്ദ്രം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 410 | ഓട്ടോ മൊബൈൽ കൺസൽട്ടന്റ്/ഓട്ടോ മൊബൈൽ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് |
| 411 | കൺസ്ട്രക്ഷൻ ഓഫീസ് |
| 412 | ഓൺലൈൻ വ്യാപാരം |
| 413 | വാക്സിൻ വ്യാപാരം |
| 414 | പൊടി മിൽ |
| 415 | ഹെൽത്ത് ക്ലബ്ബ് |
| 416 | ക്രോക്കറി ഐറ്റംസ് |
| 417 | ഡീസൽ ജനറേറ്റർ സെറ്റ് |
| 418 | വാഹന പുക പരിശോധന കേന്ദ്രം |
| 419 | അലുമിനിയം ഫാബ്രിക്കേഷൻ |
| 420 | ഹോം അപ്ലയൻസസ് |
| 421 | ആശാരി പണി |
| 422 | ഇന്റീരിയർ ഡിസൈനിംഗ് |
| 423 | സ്റ്റോക്ക് ബ്രോക്കേഴ്സ് |
| 424 | കമ്മീഷൻ ഏജൻസികൾ (മൽസ്യ വ്യാപാരം) |
| 425 | വാട്ടർ പുക റിപ്പയർ ഉപകരണങ്ങളുടെ വിൽപ്പന |
| 426 | ചെമ്പ് ഖനനം |
| 427 | കോൺടൂർ സർവ്വേ സ്ഥാപനം |
| 428 | ഫിനോയൽ, സോപ്പു പെട്ടി, യൂട്ടൻഷ്യൽസ്, ക്ലീനിങ് ലിക്വിഡ്, ഫ്ലോർ ക്ലീനർ മുതലായവയുടെ നിർമ്മാണം, സംഭരണം, വിൽപ്പന |
| 429 | ടെലി മാർക്കറ്റിങ്, ടെലി സർവ്വീസ്, നെറ്റ് വർക്കിംഗ് |
| 430 | ദന്തൽ ഇംപ്ലാന്റ് |
| 431 | റിയൽ എസ്റ്റേറ്റ്, ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് |
| 432 | മൊബൈൽ മോർച്ചറി, ശവപ്പെട്ടി നിർമ്മാണം, സംഭരണം, വിൽപ്പന |
| 433 | വീൽ അലൈൻമെന്റ് |
| 434 | ടൂർ ഓപ്പറേറ്റേഴ്സ് കം & ട്രാവൽ ഏജൻസി |
| 435 | പ്രൈവറ്റ് മാർക്കറ്റ് |
| 436 | ലെയ്ത്ത് വർക്ക് |
| 437 | യൂസ്ഡ് കാർ വിൽപ്പന |
| 438 | സർവ്വീസ്ഡ് വില്ലാസ് |
| 439 | ഫ്ലക്സ് പ്രിന്റിങ് |
| 440 | പഴയ കെട്ടിട സാമഗ്രികൾ വിൽപ്പന |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 441 | ഗേറ്റ്, ഗ്രിൽ, റോളിങ് ഷട്ടർ |
| 442 | എൻട്രൻസ്, പി.എസ്.സി./ബാങ്ക് പരിശീലന കേന്ദ്രം |
| 443 | കൊറിയർ സർവ്വീസ് |
| 444 | മരങ്ങളിൽ ഡിസൈനിങ്, കടച്ചിൽ, ഗ്ലാസ് കട്ടിങ്, എച്ചിങ് |
| 445 | ഗ്ലാസ് ഉൽപ്പന്നങ്ങൾ നിർമ്മാണം, സംഭരണം |
| 446 | ഡ്രൈവിങ് സ്കൂൾ |
| 447 | സെക്യൂരിറ്റി ഗാർഡ് ഓഫീസ് |
| 448 | മൽസ്യസംഭരണം, വിൽപ്പന/മൽസ്യ വ്യാപാരം കേന്ദ്രങ്ങൾ, പീലിങ്ങ് ഷെഡ്, ചെമ്മീൻ ഹാച്ചറികൾ |
| 449 | ഫിസിക്കൽ എജ്യൂക്കേഷൻ ട്രെയിനിംഗ് |
| 450 | വീഡിയോ, സി ഡി, ആൽബം നിർമ്മാണം |
| 451 | യോഗ പരിശീലനം |
| 452 | പേയിങ് ഗസ്റ്റ് |
| 453 | വിവാഹ ബ്യൂറോ |
| 454 | ഡിസൈനിങ്, പ്ലാൻ, എസ്റ്റിമേറ്റ് |
| 455 | ഇൻഡോർ/ഔട്ട് ഡോർ റിക്രിയേഷൻ ക്ലബ്ബ് |
| 456 | ഇതിൽ പ്രത്യേകം പറയാത്തതും എന്നാൽ നഗരസഭാ പരിധിയിൽ വരുന്നതുമായ നിയമവിധേയമായ ഏതൊരു വ്യാപാരവും, സംരംഭക പ്രവർത്തനവും മറ്റു സേവനങ്ങളും. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>പട്ടിക III</u>

## വാർഷിക ലൈസൻസ് ഫീസ്

| *ക്രമ നമ്പർ* | *ഇനവിവരം* | *വാർഷിക ലൈസൻസ് ഫീസ്* |
|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 25 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 500 രൂപ |
| 2 | മിനി എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 1,000 രൂപ |
| 3 | സ്മാൾ എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 2 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 5,000 രൂപ |
| 4 | മീഡിയം എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 2 കോടി രൂപയിൽ കൂടുതലുള്ളതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 10,000 രൂപ |
| 5 | ലാർജ് എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 10 കോടി രൂപയിൽ കൂടുതലുള്ള മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 5 കോടി രൂപയിൽ കൂടുതലുള്ള മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 15,000 രൂപ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

വ്യത്യസ്ത ആക്റ്റുകൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റ് (2018-ലെ 14) 2017 ഒക്ടോബർ 20-ാം തീയതി മുതൽ പ്രാബല്യത്തിൽ കൊണ്ടു വരികയുണ്ടായി.

പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.12.09 10:12:41 +05:30